(8) സെന്റ് ഫ്രാൻസിസ് സേവ്യർ ആന്റ് ഫറോന പള്ളി, വേലൂർ, തൃശ്ശൂർ ജില്ല.

(9) കോട്ടയ്ക്കൽ ശിവക്ഷേത്രം (ശ്രീവെങ്കടതേവർ ക്ഷേത്രം) കോട്ടയ്ക്കൽ, മലപ്പുറം ജില്ല.

(10) തൊടീക്കുളം ശിവക്ഷേത്രം, കണ്ണവം, കണ്ണൂർ ജില്ല.

(11) അനന്തപുരം ക്ഷേത്രം, കാസർഗോഡ്, കാസർഗോഡ് ജില്ല.

(ബി) പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിലുള്ള എല്ലാ ആരാധനാലയങ്ങളിലും അപൂർവ്വങ്ങളായ വസ്തുവകകളുണ്ട്. അവയും സംരക്ഷണത്തിൽപ്പെടുന്നവയാണ്.

(സി) പുരാവസ്തു വകുപ്പിന്റെ കീഴിൽ സംരക്ഷിത സ്മാരകങ്ങളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റീജിയണൽ കൺസർവേഷൻ ലാബറട്ടറി എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. മങ്ങിയ ചുവർചിത്രങ്ങളുടെയും, ഹെറിട്ടേജ് സ്വഭാവത്തിലുള്ളതും അപൂർവ്വങ്ങളുമായ വസ്തുക്കളുടെയും ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥന്മാർ ഈ കാര്യാലയത്തിൽ ഉണ്ട്. ടി ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ മങ്ങിയ ചുവർ ചിത്രങ്ങൾ പൂർവ്വരൂപത്തിലാക്കുകയും ഹെറിട്ടേജ് സ്വഭാവത്തിലുള്ളതും അപൂർവ്വങ്ങളുമായ വസ്തുക്കളെ സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.

അവശകലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി

33 [613] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശകലാകാരന്മാരുടെ പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെയുണ്ട്;

(ബി) ഇവ എന്നുമുതലുള്ള അപേക്ഷകളാണ് എന്ന് വ്യക്തമാക്കാമോ;

(സി) അവശകലാകാരന്മാരുടെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്; ഇത് എന്നത്തേക്ക് കൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 804.

(ബി) 7/3/2005-ലെ പത്രക്കുറിപ്പിലൂടെ അപേക്ഷ ക്ഷണിച്ചതുപ്രകാരം കിട്ടിയ അപേക്ഷകൾ.

(സി) 2005 മേയ് മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly